മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>സംഗ്രഹം</u>

യോഗ്യത - ANNAMALAI UNIVERSITY, TAMILNADU അവാർഡ് ചെയ്ത Bachelor of Science in Multimedia (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Arts in Multimedia ബിരുദത്തിനു തുല്യമായി അംഗീകരിക്കാൻ സാധിക്കില്ലെന്നും, പ്രസ്തുത ബിരുദത്തിന് യോഗ്യത സാക്ഷ്യപത്രം നൽകുവാനും തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5268/AC D/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 09.11.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി SRI. AKASH G., Flat No.10B, Skyline Campus Heights, Opp.Loyola Campus, Sreekaryam P. O, Trivandrum 01.03.2019ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ(മൾട്ടി മീഡിയ -യു.ജി.) അഭിപ്രായം രേഖപ്പെടുത്തി 04.04.2020ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ് അഭിപ്രായം രേഖപ്പെടുത്തി 15.06.2020ൽ നൽകിയ കത്ത്.

6) 07.09.2020 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 93/Ac.D/01/35714/CR/2019 (13.10.2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (20.05) ഇനം നം. 01/20.05/200241ആയി സമർപ്പിച്ചത്)

<u>**ഉത്തരവ്**</u>

1) അണ്ണാമലൈ യൂണിവേഴ്സിറ്റി, തമിഴ്നാട് അവാർഡ് ചെയ്ത ബാച്ചിലർ ഓഫ് സയൻസ് ഇൻ മൾട്ടിമീഡിയ (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ആർട്സ് ഇൻ മൾട്ടിമീഡിയ ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ലും (3)ലും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) പ്രസ്തുത വിഷയത്തിൽ എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ (മൾട്ടി മീഡിയ-യു.ജി.), ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടിയിരുന്നു. അണ്ണാമലൈ യൂണിവേഴ്സിറ്റി, തമിഴ്നാട് അവാർഡ് ചെയ്ത ബാച്ചിലർ ഓഫ് സയൻസ് ഇൻ മൾട്ടിമീഡിയ (വിദൂരവിദ്യാഭ്യാസം) ബിരുദത്തിന്റെ കരിക്കുലവും

Draft #4 of File Ac.D/01/35714/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Nov-2020 12:57 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സിലബസും പ്രവേശനമാനദണ്ഡങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തുല്യത അംഗീകരിക്കാനാവശ്യമായ മാനദണ്ഡങ്ങളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് എക്സ്പെർട്ട് കമ്മിറ്റി ചെയർമാൻ നിരീക്ഷിക്കുകയും അതിനാൽ പ്രസ്തുത ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ആർട്സ് ഇൻ മൾട്ടിമീഡിയ ബിരുദത്തിനു തുല്യമായി അംഗീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. പ്രസ്തുത പ്രോഗ്രാമുകളുടെ Nomenclature (BSc/BA), mode of learning (Regular/Distance) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഉപരിപഠനത്തിനും തൊഴിലിനുമായി എലിജിബിലിറ്റി മാത്രം നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന് പരിഗണിക്കാവുന്നതാണെന്നും ഡീൻ അഭിപ്രായപ്പെട്ടു. (പരാമർശം 4,5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം ANNAMALAI UNIVERSITY, TAMILNADU അവാർഡ് ചെയ്ത Bachelor of Science in Multimedia (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Arts in Multimedia ബിരുദത്തിനു തുല്യമായി അംഗീകരിക്കാൻ സാധിക്കില്ലെന്നും, പ്രസ്തുത ബിരുദത്തിന് യോഗ്യത സാക്ഷ്യപത്രം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ. ആകാശ് ജി.
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യൂ.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File Ac.D/01/35714/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Nov-2020 12:57 PM - Page 2

Draft #4 of File Ac.D/01/35714/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Nov-2020 12:57 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം